DWCD/117/2022-ICDSA4

I/118757/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/117/2022-ICDS A4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 03-10-2023
E-Mail:directorate.wcd@kerala.gov.in
Phone No:0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആധാർ എൻറോൾമെൻറ് -സംബന്ധിച്ച്:-

സൂചന:- 1. India Post Payments Bank ചീഫ് മാനേജരുടെ 7/7/2023 തീയതിയിലെ മെയിൽ സന്ദേശം.

2. വനിത ശിശു വികസന ഡയറക്ടറുടെ 30/04/2022 തീയതിയിലെ മേൽ നമ്പർ കത്ത്.

Unique Identification Authority of India (UIDAI) യുമായി സഹകരിച്ച് Child Enrollment Lite Client (CELC) Service എന്ന പേരിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പോസ്റ്റൽ വകുപ്പിന്റെ ഉടമസ്ഥയിലുള്ള INDIA POST PAYMENTS BANK (IPPB) 5 വയസിനു താഴെയുള്ള കുട്ടികളുടെ ആധാർ എൻറോൾമെൻറ് നടത്തുന്നതിനായി സൂചന (1) പ്രകാരം വനിത ശിശു വികസന വകുപ്പിന്റെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പോസ്റ്റ്മാൻ/ പോസ്റ്റ്‌വിമൺ, ഗ്രാമീണ ദക് സേവക് മാർ മുഖാന്തിരം Biometric Devices, Smart phone എന്നിവ ഉപയോഗിച്ച് സേവനം നല്കുമെന്നും IPPB അറിയിച്ചിട്ടുണ്ട്.

IPPB യുടെ ഇതേ ആവശ്യത്തിനു സൂചന (2) പ്രകാരം വനിത ശിശു വികസന വകുപ്പ് കഴിഞ്ഞ വർഷം അനുമതി നൽകുകയും പോസ്റ്റൽ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ India post Payments Bank മുഖേന 5 വയസ്സിന് താഴെ പ്രായമുള്ള അങ്കണവാടി കുട്ടികളുടെ ആധാർ എൻറോൾമെൻറ് സേവനം പ്രയോജനപ്പെടുത്തുന്നതിനായി ചുവടെ ചേർക്കും പ്രകാരം നിർദേശങ്ങൾ നൽകുന്നു.

1) ഓരോ അങ്കണവാടി പ്രദേശത്തിന്റെയും ആധാർ എടുക്കാത്ത 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം കണക്കാക്കി അങ്കണവാടി, മറ്റു പൊതു സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച ക്യാമ്പുകൾ നടത്തേണ്ടതാണ്. അങ്കണവാടിജീവനക്കാർ മുഖേന ക്യാമ്പു നടത്തുന്നത് സംബന്ധിച്ച് അങ്കണവാടി പ്രദേശത്ത് വ്യാപക പ്രചാരണം നൽകേണ്ടതാണ് .

2) അങ്കണവാടി പ്രദേശത്തെ ആധാർ എടുത്തിട്ടില്ലാത്ത 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം കണക്കാക്കി അതാത് വർക്കർമാർ ചുമതലയുള്ള സൂപ്പർവൈസറിന് നൽകുക.

3) സൂപ്പർവൈസർമാർ അവരുടെ ചുമതലയുള്ള അങ്കണവാടികളിലെ വിവരങ്ങൾ ശേഖരിച്ച്

ഇതോടൊപ്പം നൽകിയിട്ടുള്ള പ്രോഫോർമയിൽ ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകുക.

4) ഓരോ ICDS ലെയും അങ്കണവാടിതല ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ രേഖപ്പെടുത്തി ശിശു വികസന പദ്ധതി ഓഫീസർമാർ പോസ്റ്റൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകുക.

5) പോസ്റ്റൽ വകുപ്പിലെ ഉദ്യോഗസ്ഥരുമായി സഹകരിച്ച CDPO/ Supervisor ക്യാമ്പുകൾ നടത്തേണ്ട തീയതി, സമയം എന്നിവ ക്രമീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ CDPO കൃത്യമായ മേൽനോട്ടം നടത്തേണ്ടതാണ്.

6) ക്യാമ്പ് നടത്തുന്നതിനായി തീരുമാനിച്ച തീയതി, സമയം ഇവ മുൻകൂട്ടി വർക്കർമാരെ അറിയിക്കേണ്ടതാണ്. രക്ഷകർത്താക്കളെ ഈ വിവരം അറിയിച്ച കുട്ടികളെ ക്യാമ്പ് നടത്തുന്ന സ്ഥലത്ത് എത്തിക്കുന്നതിനുള്ള ക്രമീകരണം വർക്കർമാർ ചെയ്യേണ്ടതാണ് .

7) പ്രോഗ്രാം ഓഫീസർമാർ പോസ്റ്റൽ വകുപ്പിലെ ജില്ലാ തല ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി CDPO മാർക്ക് മാർഗ്ഗ നിർദേശങ്ങൾ നൽകേണ്ടതും പുരോഗതി റിപ്പോർട്ട് ഡയറക്ടറേറ്റിലേക്ക് നൽകേണ്ടതുമാണ്. ( ഓരോ ജില്ലയിലും ബന്ധപ്പെടേണ്ട പോസ്റ്റൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.)

8) ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് എല്ലാ വനിത ശിശു വികസന ഓഫീസർമാരും കൃത്യമായ അവലോകനം നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ.

## പ്രൊഫോർമ

## പോസ്റ്റൽ വകുപ്പിന് നൽകേണ്ട വിവരങ്ങൾ

ജില്ല :......................................................................................

| ക്രമ നം | Icds ന്റെ പേര് | പഞ്ചായത്തിന്റെ പേര് | അങ്കണവാടി സെന്ററിന്റെ പേര് | അങ്കണവാടി സെന്റർ നമ്പർ | ആധാർ എടുക്കേണ്ട കുട്ടികളുടെ എണ്ണം | വർക്കറുടെ പേര് | വർക്കറുടെ ഫോൺ നമ്പർ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

സൂപ്പർവൈസറുടെ പേര് :

ഒപ്പ് :

| DISTRICT NAME | NAME OF DISTRICT NODAL OFFICER |
|---|---|
| THRISSUR | NIMMY MOL V M |
| THIRUVANANTHAPURAM | ARAVIND RAJ D |
| MALAPPURAM | MAANUS C GEORGE |
| ERNAKULAM | DONN MATHEW ZACHARIAH |
| KOLLAM | SHYMON J |
| PATHANAMTHITTA | REGAL SARATH |
| PALAKKAD | SUKESH KRISHNAN S S |
| KOTTAYAM | NIDHIN K PRASAD |
| IDUKKI | RAJEESH R |
| ALAPPUZHA | JEEVAN ROY |
| KANNUR | SUVARNA P A |
| KASARAGOD | SABIN M |
| KOZHIKODE | ABHIMANUE SADASIVAN |
| WAYANAD | NIYA LIZ JOSE |

| MOBILE NO | MAIL ID | CHILD ENROLMENT DONE 2022-23 |
|---|---|---|
| 9633035577 | ippb0265@ippbonline.in | 14,621 |
| 8921388636 | ippb0264@ippbonline.in | 11,104 |
| 9495648440 | ippb0262@ippbonline.in | 10,694 |
| 9746698911 | ippb0255@ippbonline.in | 8,416 |
| 9847747752 | ippb0258@ippbonline.in | 6,988 |
| 9400538162 | ippb0263@ippbonline.in | 6,652 |
| 9655027032 | ippb0261@ippbonline.in | 6,441 |
| 7012713604 | ippb0259@ippbonline.in | 5,938 |
| 9633168318 | ippb0257@ippbonline.in | 5,348 |
| 9747292766 | ippb0254@ippbonline.in | 4,993 |
| 9495081888 | ippb0256@ippbonline.in | 4,573 |
| 8095664411 | ippb0266@ippbonline.in | 4,177 |
| 9944960690 | ippb0267@ippbonline.in | 3,799 |
| 9074746918 | ippb0260@ippbonline.in | 3,351 |